A

സമഗ്ര ശിക്ഷാ കേരളം

ആത്യന്തിക വിലയിരുത്തൽ I 2026-2027

**GI 506**

# അടിസ്ഥാനശാസ്ത്രം - വിലയിരുത്തൽ സൂചകങ്ങൾ

**ക്ലാസ്: 5** **സമയം: 2 മണിക്കൂർ 15 മിനിറ്റ്**

## അധ്യാപകർക്കുള്ള നിർദേശങ്ങൾ

- 6 ചോദ്യങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.
- ഓരോ പ്രവർത്തനവും വിലയിരുത്തി ഗ്രേഡ് a, b, c, d, e രേഖപ്പെടുത്തണം.
- ഓരോ ചോദ്യത്തിനും ലഭിച്ച ഗ്രേഡ് പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗിച്ച് വിഷയത്തിനുള്ള ഗ്രേഡ് A/B/C/D/E നൽകണം.

| ശതമാനം | ഗ്രേഡ് |
|---|---|
| 80-100 | A - Outstanding |
| 60-79 | B – Very Good |
| 40-59 | C - Good |
| 30-39 | D - Satisfactory |
| 30ൽ താഴെ | E – Needs Improvement |

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ആവശ്യമായ പിന്തുണ നൽകേണ്ടതാണ്.

**1. പഠനലക്ഷ്യം**

- നിരീക്ഷണം, വിവരശേഖരണം, താരതമ്യം ചെയ്യൽ എന്നിവയിലൂടെ ഓരോ ജീവിയുടെയും നിലനിൽപിനാവശ്യമായ ജീവനുള്ള ഘടകങ്ങളെയും ജീവനില്ലാത്ത ഘടകങ്ങളെയും തരംതിരിച്ച് മനസിലാക്കുന്നതിന്.
- നിരീക്ഷണം, വിവരശേഖരണം, അപഗ്രഥനം എന്നിവയിലൂടെ വിവിധ ആവാസ വ്യവസ്ഥകളെയും ഇവയിലെ ജീവികളുടെ പരസ്പരബന്ധവും തിരിച്ചറിഞ്ഞ് സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്.

**വിലയിരുത്തൽ സൂചകങ്ങൾ**

a) A. ജീവനുള്ളവ, B. ജലം/കല്ല്, C. തവള, D. കല്ല്/ജലം (2)

b) കാർഡ് A ഉചിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. (1)

ഏതെങ്കിലും ഒരു ജീവിയുടെ ആഹാരകാർഡ് നിർമ്മിച്ചിട്ടുണ്ട്. (1)

c) C. പ്രസ്താവന ശരി, കാരണം ശരി. (1)

**2. പഠനലക്ഷ്യം**

- നിരീക്ഷണം, വിവരശേഖരണം, വിശകലനം എന്നിവയിലൂടെ രോഗങ്ങളെ പകരുന്നവ, പകരാത്തവ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

a) കാൻസർ പകർച്ചവ്യാധിയല്ലെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. (1)

b) പകരുന്നവ : കോളറ, ക്ഷയം, പകരാത്തവ : അൽഷിമേഴ്സ്, അപസ്മാരം. (2)

c) പകർച്ചവ്യാധി (1)

ശുദ്ധജലം മാത്രം കുടിക്കുക, മാസ്ക് ഉപയോഗിക്കുക, വ്യക്തിശുചിത്വം പാലിക്കുക - തുടങ്ങിയവയിൽ ഏതെങ്കിലും എഴുതിയിട്ടുണ്ട്. (1)

**3.(A) പഠനലക്ഷ്യം**

- എപ്പിഫൈറ്റുകൾ, പരാദസസ്യങ്ങൾ എന്നീ വിഭാഗത്തിൽപ്പെട്ട സസ്യങ്ങളെ തിരിച്ചറിഞ്ഞ് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക.

**വിലയിരുത്തൽ സൂചകങ്ങൾ**

a) C. എപ്പിഫൈറ്റുകൾ (1)

b) മൂടില്ലാത്താളി, റഫ്ളീഷ്യ തുടങ്ങി ഏതെങ്കിലും രണ്ട് ഉദാഹരണങ്ങൾ എഴുതിയിട്ടുണ്ട്. (2)

c) ആതിഥേയ സസ്യത്തിൽ നിന്ന് ജലവും ലവണവും വലിച്ചെടുത്ത് സ്വയം ആഹാരം നിർമിക്കുന്നവയാണ് അർധപരാദങ്ങളെന്നും പോഷകഘടകങ്ങളായി തന്നെ ആതിഥേയ സസ്യത്തിൽ നിന്നും ആഹാരം സ്വീകരിക്കുന്നവയാണ് പൂർണപരാദങ്ങളെന്നും കണ്ടെത്തിയിട്ടുണ്ട്. (2)

**3.(B)** പഠനലക്ഷ്യം

- എപ്പിഫൈറ്റുകൾ, പരാദസസ്യങ്ങൾ എന്നീ വിഭാഗത്തിൽപ്പെട്ട സസ്യങ്ങളെ തിരിച്ചറിഞ്ഞ് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക.

വിലയിരുത്തൽ സൂചകങ്ങൾ

a) എപ്പിഫൈറ്റുകൾ - മരവാഴ, ഓർക്കിഡ്
അർധപരാദങ്ങൾ - ചന്ദനം, ഇത്തിൾക്കണ്ണി
പൂർണപരാദങ്ങൾ - മൂടില്ലാത്താളി, റഫ്ളീഷ്യ (3)

b) ആതിഥേയ സസ്യത്തിൽ വളരുന്ന എല്ലാ സസ്യങ്ങളും പരാദങ്ങളല്ലെന്നും എപ്പിഫൈറ്റുകളുടെ പ്രത്യേകതയും സമർത്ഥിച്ചിട്ടുണ്ട്. (2)

4. പഠനലക്ഷ്യം

- നിരീക്ഷണം, വിവരശേഖരണം, വിശകലനം എന്നിവയിലൂടെ രോഗങ്ങളെ പകരുന്നവ, പകരാത്തവ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തുന്നു.
- സൂക്ഷ്മജീവികളിൽ ഉപകാരികളും ഉണ്ടെന്ന് തിരിച്ചറിഞ്ഞ് അവയും ജീവന്റെ നിലനിൽപ്പിന് ആവശ്യമാണെന്ന സാമാന്യവൽക്കരണത്തിൽ എത്തുക.

വിലയിരുത്തൽ സൂചകങ്ങൾ

a) ക്രിയാത്മകമായി പോസ്റ്റർ നിർമിച്ചിട്ടുണ്ട്. (2)

b) പ്രസ്താവനയോട് യോജിച്ചിട്ടുണ്ട്. (1)
പാൽ തൈരാകുന്നത്, ജൈവമാലിന്യങ്ങൾ വിഘടിക്കുന്നത് എന്നിങ്ങനെ സൂക്ഷ്മജീവികൾ ഉപകാരപ്പെടുന്ന സാഹചര്യങ്ങൾ എഴുതിയിട്ടുണ്ട്. (1)

c) C. ചിക്കൻ പോക്സ് : വൈറസ് (1)

5. പഠനലക്ഷ്യം

- നിരീക്ഷണം, വിവരശേഖരണം, അപഗ്രഥനം എന്നിവയിലൂടെ പ്രകാശസംശ്ലേഷണം വിശദീകരിച്ച് ഇതിന് അനുയോജ്യമായ സസ്യങ്ങളിലെ സവിശേഷതകൾ കണ്ടെത്തുന്നതിന്.

വിലയിരുത്തൽ സൂചകങ്ങൾ

a) പ്രകാശസംശ്ലേഷണം (1)

b) പ്രക്രിയ : ശ്വസനം (1)
വാതകങ്ങൾ : A. ഓക്സിജൻ B. കാർബൺഡൈ ഓക്സൈഡ് (1)

c) രണ്ടാമത്തെ കുട്ടിയുടെ വാദം ശരിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. (1)
ചുവന്ന ചീരയിൽ ആന്തോസയാനിൻ എന്ന ഘടക വർണത്തോടൊപ്പം ഹരിതകവുമുണ്ട് എന്ന് വിശദീകരിച്ചിട്ടുണ്ട്. (1)

6. (A) പഠനലക്ഷ്യം

- നിരീക്ഷണം, വിശകലനം എന്നിവയിലൂടെ രോഗാണുവാഹകർ പെരുകുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നതിനും നിർമാർജന മാർഗങ്ങൾ സ്വീകരിക്കുന്നതിനും.

വിലയിരുത്തൽ സൂചകങ്ങൾ

a) A. കൊതുക് B. കോളറ/ വയറിളക്കം C. മനുഷ്യൻ (3)

b) വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക. പാ[illegible]ങ്ങൾക്ക് ചുറ്റുമുള്ള പുല്ലും പാഴ്ച്ചെടികളും നീക്കം ചെയ്യുക, ഓടകൾ ശുചീകരിക്കുക തു[illegible]ണ്ട് നിർദേശങ്ങൾ എഴുതിയിട്ടുണ്ട്. (2)

6. (B) പഠനലക്ഷ്യം

- നിരീക്ഷണം, വിശകലനം എന്നിവയിലൂടെ രോഗാണുവാഹകർ പെരുകുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നതിനും നിർമാർജന മാർഗങ്ങൾ സ്വീകരിക്കുന്നതിനും.

സൂചകങ്ങൾ

a) ടെറ്റനസ് - മണ്ണിലൂടെ
ടൈഫോയ്ഡ് – ജലവും ഭക്ഷണവും വഴി (2)

b) ഉപേക്ഷിച്ച പ്ലാസ്റ്റിക് കവറുകളിലും കുപ്പികളിലും വെള്ളം കെട്ടി നിൽക്കുന്നതൊഴിവാക്കുക. ഓടകൾ ശുചീകരിക്കുക തുടങ്ങി ഏതെങ്കിലും മുൻകരുതലുകൾ നിർദേശിച്ചിട്ടുണ്ട്. (2)

c) കൊതുക് (1)